പതിനാറാം കേരളനിയമസഭ

രണ്ടാം സമ്മേളനം

നക്ഷത്രചിഹ്നമിട്ട ചോദ്യം നമ്പർ: 236 **28-10-2026-ൽ മറുപടിയ്ക്ക്**

മത്സ്യത്തൊഴിലാളി ക്ഷേമനിധി

ചോദ്യം ഉന്നയിച്ച അംഗങ്ങൾ

ശ്രീ. എം. വിജിൻ

ശ്രീ. വി. കെ. സനോജ്

ശ്രീ. എം. എസ്. അരുൺ കുമാർ

ശ്രീ. കെ. കെ. രാമചന്ദ്രൻ

മറുപടി നൽകിയ മന്ത്രി

ശ്രീ. വി. ഇ. അബ്ദുൽ ഗഫൂർ
(മത്സ്യബന്ധനം - സാമൂഹ്യനീതി വകുപ്പ് മന്ത്രി)

(എ) മത്സ്യത്തൊഴിലാളികൾക്കും അവരുടെ കുടുംബങ്ങൾക്കും നിലവിൽ സർക്കാരിൽ നിന്നും ലഭിച്ചുകൊണ്ടിരിക്കുന്ന ആനുകൂല്യങ്ങൾ ഏതെല്ലാമാണെന്ന് വ്യക്തമാക്കാമോ;

മറുപടി: മത്സ്യത്തൊഴിലാളികൾക്കും അവരുടെ കുടുംബങ്ങൾക്കും നിലവിൽ സർക്കാരിൽ നിന്നും ലഭിച്ചുകൊണ്ടിരിക്കുന്ന ആനുകൂല്യങ്ങളുടെ വിശദാംശങ്ങൾ **അനുബന്ധമായി** ചേർക്കുന്നു.

(ബി) പ്രസ്തുത ആനുകൂല്യങ്ങൾ ലഭിക്കുന്നതിന് എന്തെല്ലാം നടപടികളാണ് പൂർത്തിയാക്കേണ്ടത്;

മറുപടി: വകുപ്പ് വഴി നേരിട്ട് നടപ്പിലാക്കുന്ന പദ്ധതികൾക്ക് അതാതു വർഷം ഭരണാനുമതി ലഭ്യമാകുന്ന മാർഗ രേഖകൾ പ്രകാരം അപേക്ഷ ക്ഷണിക്കുകയും പദ്ധതി നടപ്പിലാക്കുകയുമാണ് ചെയ്യുന്നത്. സർക്കാർ ഉത്തരവ്/ബോർഡ് പുറപ്പെടുവിച്ച മാർഗ്ഗ നിർദ്ദേശങ്ങൾ അനുസരിച്ച് അർഹതയുളളവർക്കാണ് മത്സ്യ ബോർഡിൽ നിന്നും ആനുകൂല്യങ്ങൾ ലഭ്യമാകുന്നത്. തിരിച്ചറിയൽ രേഖ, അംഗത്വ/രജിസ്ട്രേഷൻ വിവരങ്ങൾ, ബാങ്ക് അക്കൗണ്ട് വിവരങ്ങൾ, കുടുംബവിവരങ്ങൾ, പദ്ധതിക്ക് ആവശ്യമായ പ്രത്യേക രേഖകൾ എന്നിവ അപേക്ഷയോടൊപ്പം സമർപ്പിക്കേണ്ടതുണ്ട്. പെൻഷൻ അപേക്ഷകൾ ഓൺലൈൻ മുഖേന സമർപ്പിക്കാവുന്നതാണ്. പദ്ധതിയുടെ ചട്ടങ്ങളും മാർഗ്ഗ നിർദ്ദേശങ്ങളും പ്രകാരം ബന്ധപ്പെട്ട ഉദ്യോഗസ്ഥന്റെ പരിശോധനയ്ക്കും അധികാരപ്പെട്ട ഉദ്യോഗസ്ഥന്റെ അനുമതിക്കും ശേഷം ആനുകൂല്യത്തിന് അർഹത നേടുന്നവർക്കാണ് ആനുകൂല്യം അനുവദിക്കുന്നത്. അംശദായം കൃത്യമായി അടയ്ക്കുന്നവർക്ക് മാത്രമാണ് പദ്ധതി ആനുകൂല്യങ്ങൾ നൽകുന്നത്. അപേക്ഷ നിരസിക്കുന്ന പക്ഷം അപ്പീൽ സമർപ്പിക്കുന്നതിനും വ്യവസ്ഥയുണ്ട്.

മത്സ്യഫെഡ് വഴി ആനുകൂല്യങ്ങൾ ലഭിക്കുന്നതിനായി മത്സ്യത്തൊഴിലാളികൾ ക്ഷേമനിധി ബോർഡിൽ അംഗങ്ങളായിരിക്കണം. കൂടാതെ മത്സ്യഫെഡിൽ അഫിലിയേറ്റ് ചെയ്ത് പ്രവർത്തിക്കുന്ന സഹകരണ സംഘങ്ങളിൽ അംഗങ്ങളായിട്ടുള്ള മത്സ്യത്തൊഴിലാളികൾക്ക് മാനദണ്ഡങ്ങൾക്ക് അനുസൃതമായാണ് മത്സ്യഫെഡിൽ നിന്നും വിവിധ വായ്പകൾ ലഭ്യമാക്കുന്നത്. മത്സ്യഫെഡ് നടപ്പിലാക്കുന്ന മത്സ്യത്തൊഴിലാളി ഗ്രൂപ്പ് അപകട ഇൻഷുറൻസ് പദ്ധതിയിൽ പ്രീമിയം തുക അടച്ച് അംഗങ്ങളാകുകയും ചെയ്യേണ്ടതാണ്.

പുനർഗേഹം പദ്ധതി പ്രകാരമുള്ള ആനുകൂല്യങ്ങൾ ലഭ്യമാകുന്നതിന് മാർഗരേഖ സർക്കാർ പുറപ്പെടുവിച്ചിട്ടുണ്ട്. സാഫ് പദ്ധതി പ്രകാരമുള്ള ആനുകൂല്യങ്ങൾ ലഭ്യമാക്കുന്നതിന് മാർഗനിർദേശങ്ങൾ അനുസരിച്ച് അപേക്ഷ സമർപ്പിക്കാവുന്നതാണ്.

(സി) മത്സ്യത്തൊഴിലാളി ക്ഷേമനിധി ബോർഡിൽ ആർക്കൊക്കെയാണ് അംഗങ്ങളാകാൻ കഴിയുക; അതിനുള്ള മാനദണ്ഡങ്ങൾ എന്തൊക്കെയാണെന്ന് വിശദമാക്കാമോ;

<u>മറുപടി:</u> കേരള മത്സ്യത്തൊഴിലാളി ക്ഷേമസംഘം ആക്ട് - **1980,** കേരള മത്സ്യത്തൊഴിലാളി ക്ഷേമനിധി ആക്ട് - **1985,** കേരള മത്സ്യത്തൊഴിലാളി ക്ഷേമനിധി പദ്ധതി **- 1986,** 1999-ലെ കേരള മത്സ്യത്തൊഴിലാളി ക്ഷേമനിധി (ഭേദഗതി) ആക്ട് എന്നിവയിലെ സെക്ഷനുകൾക്കും അതിന്മേലുള്ള ചട്ടങ്ങൾക്കും അനുസൃതമായാണ് ബോർഡിൽ അംഗത്വം അനുവദിക്കുന്നത്.

(ഡി) മത്സ്യത്തൊഴിലാളികൾക്ക് പഞ്ഞമാസങ്ങളിൽ സർക്കാർ നൽകേണ്ട ആനുകൂല്യങ്ങളിൽ നിലവിൽ കുടിശ്ശികയുണ്ടോ; വ്യക്തമാക്കാമോ?

<u>മറുപടി:</u> ഇല്ല. മത്സ്യത്തൊഴിലാളികൾക്ക് പഞ്ഞ മാസങ്ങളിൽ സർക്കാർ നൽകി വരുന്ന സമ്പാദ്യ സമാശ്വാസ പദ്ധതി പ്രകാരമുള്ള തുക മുഴുവനും നടപ്പ് വർഷം വിതരണം ചെയ്തിട്ടുണ്ട്.

സെക്ഷൻ ഓഫീസർ

അനുബന്ധം

മത്സ്യത്തൊഴിലാളികൾക്കും അവരുടെ കുടുംബങ്ങൾക്കും നിലവിൽ സർക്കാരിൽ നിന്നും ലഭിച്ചുകൊണ്ടിരിക്കുന്ന ആനുകൂല്യങ്ങളുടെ വിശദാംശങ്ങൾ

മത്സ്യത്തൊഴിലാളി സമൂഹത്തെ മുഖ്യധാരയിലേക്കെത്തിക്കുന്നതിനായി അവരുടെ മക്കളുടെ വിദ്യാഭ്യാസ പുരോഗതിക്കായി നിരവധി പദ്ധതികൾ നടപ്പിലാക്കി വരുന്നു.

- പ്രീ-മെട്രിക് വിദ്യാർത്ഥികൾക്കുള്ള വിദ്യാഭ്യാസ ആനുകൂല്യം - ലംപ്സം ഗ്രാന്റ്.
- പോസ്റ്റ് മെട്രിക് വിദ്യാർത്ഥികൾക്കുള്ള വിദ്യാഭ്യാസ ആനുകൂല്യം- ലംപ്സം ഗ്രാന്റ്, സ്കോളർഷിപ്പ്, പോക്കറ്റ് മണി, മെസ് & റെന്റ്, ട്യൂഷൻ ഫീ, സ്പെഷ്യൽ ഫീ, പരീക്ഷാ ഫീ, കണ്ടിജന്റ് ഗ്രാന്റ്, ഫെലോഷിപ്പുകൾ എന്നിവ.
- ദത്തെടുക്കൽ പദ്ധതി - പരമാവധി 1 ലക്ഷം രൂപ വരെ
- സൗജന്യ മെഡിക്കൽ എൻട്രൻസ് / IIT/NIT എൻട്രൻസ് / സിവിൽ സർവീസ് എൻട്രൻസ് പരിശീലനം (വിദ്യാതീരം പദ്ധതി).
- കരിയർ ഗൈഡൻസ് ക്ലാസുകൾ (വിദ്യാതീരം പദ്ധതി)
- ജി.ആർ.എഫ്.ടി.എച്ച്.എസ്. സ്കൂളുകൾ- മത്സ്യത്തൊഴിലാളി മേഖലയിലെ വിദ്യാർത്ഥികൾക്ക് സെക്കൻഡറി തലത്തിൽ താമസിച്ച് പഠിക്കുന്നതിനായി 9 തീരദേശ ജില്ലകളിലായി 10 GRFTHS പ്രവർത്തിക്കുന്നു.

മത്സ്യമേഖലയുടെ സമഗ്ര വികസനത്തിനായി താഴെ പറയുന്ന പദ്ധതികൾ നടപ്പിലാക്കി വരുന്നു.

- മത്സ്യത്തൊഴിലാളികളുടെ ആരോഗ്യ സംരക്ഷണത്തിനായി മെഡിക്കൽ ക്യാമ്പ്, ലഹരി വിരുദ്ധ ക്യാമ്പ്, മാരക രോഗ ചികിത്സ ധന സഹായം എന്നിവ നടപ്പിലാക്കി വരുന്നു.
- തീരദേശ സ്കൂളുകൾ, അംഗണവാടി, ആരോഗ്യ കേന്ദ്രങ്ങൾ എന്നിവയുടെ അടിസ്ഥാന സൗകര്യ വികസന പ്രവൃത്തികൾ
- മത്സ്യത്തൊഴിലാളി കോളനികളിലെ അതീവ ശോചനീയാവസ്ഥയിലുള്ള 184 വീടുകൾ ഒരു വീടിന് 4 ലക്ഷം രൂപ നിരക്കിൽ പുനർനിർമ്മാണം.
- മത്സ്യത്തൊഴിലാളികൾക്ക് house repair പദ്ധതി.

ക്ലൈമറ്റ് റെസീലിയന്റ് കോസ്റ്റൽ ഫിഷർമെൻ വില്ലേജസ് (CRCFV) പദ്ധതി

പ്രധാനമന്ത്രി മത്സ്യ സമ്പദ യോജനയ്ക്ക് (PMMSY) കീഴിൽ തീരദേശ മത്സ്യത്തൊഴിലാളി ഗ്രാമങ്ങളുടെ കാലാവസ്ഥാ പ്രതിരോധശേഷി, വികസനം, സാമ്പത്തിക ഉന്നമനം എന്നിവ ലക്ഷ്യമിട്ട് നടപ്പിലാക്കുന്ന പദ്ധതിയാണിത്. പള്ളം (തിരുവനന്തപുരം), ഇരവിപുരം സൗത്ത് (കൊല്ലം), തോട്ടപ്പള്ളി (ആലപ്പുഴ), അഴീക്കൽ (ആലപ്പുഴ), ഞാറയ്ക്കൽ (എറണാകുളം), എടവനക്കാട് (എറണാകുളം) എന്നീ മത്സ്യ ഗ്രാമങ്ങളിലാണ് പദ്ധതി നടപ്പിലാക്കുന്നത്.

Integrated Modern Coastal Fishing Village - IMCFV

പ്രധാനമന്ത്രി മത്സ്യ സമ്പദ യോജന (PMMSY) പദ്ധതിയിൽ ഉൾപ്പെടുത്തി, കേരളത്തിലെ വിവിധ തീരദേശ ജില്ലകളിലായി തിരഞ്ഞെടുക്കപ്പെട്ട 9 മത്സ്യഗ്രാമങ്ങളെ അടിസ്ഥാന സൗകര്യ വികസനത്തോടെ മാതൃകാ മത്സ്യഗ്രാമങ്ങളാക്കി മാറ്റുക എന്ന ലക്ഷ്യത്തോടെ നടപ്പിലാക്കുന്ന പദ്ധതിയാണിത്.

കേരള തീരത്ത് മത്സ്യബന്ധനം നടത്തരുത് എന്ന് ദുരന്ത നിവാരണ അതോറിറ്റി പുറപ്പെടുവിക്കുന്ന ദീർഘകാല കാലാവസ്ഥാ മുന്നറിയിപ്പുകളുടെ സാഹചര്യത്തിലും മത്സ്യബന്ധന നിരോധന സമയത്തും തൊഴിൽ നഷ്ടപ്പെടുന്ന മത്സ്യത്തൊഴിലാളികൾക്ക് സർക്കാർ സൗജന്യ റേഷൻ ഉൾപ്പെടെ സാധ്യമായ എല്ലാ സഹായങ്ങളും നൽകുന്നുണ്ട്.

KSRTC യും ഫിഷറീസ് വകുപ്പും സംയുക്തമായി മത്സ്യവിൽപ്പനയ്ക്ക് പോകുന്ന വനിതകളുടെ യാത്രക്കായി സൗജന്യമായി യാത്ര ചെയ്യുന്നതിനായി സമുദ്ര ബസ് സർവ്വീസിന് 2021-22 വർഷം തുടക്കം കുറിച്ചിട്ടുണ്ട്. വിഴിഞ്ഞം ഭാഗത്ത് നിന്നും മത്സ്യവിൽപ്പനക്ക് പോകുന്ന വനിതകളുടെ യാത്രാ സൗകര്യാർത്ഥം വിഴിഞ്ഞം കെ.എസ്.ആർ.ടി.സി ഡിപ്പോയിൽ നിന്നും രണ്ട് ബസുകളും പൂന്തുറ ഡിപ്പോയിൽ നിന്നും ഒരു ബസും സമുദ്ര എന്ന പേരിൽ സർവ്വീസ് നടത്തി വരുന്നുണ്ട്.

ഫിഷറീസ് വകുപ്പ് തീരദേശ മേഖലയിൽ വേലിയേറ്റ രേഖയിൽ നിന്നും 50 മീറ്ററിനുള്ളിൽ താമസിക്കുന്നവരെ സുരക്ഷിത സ്ഥാനങ്ങളിലേക്ക് പുനരധിവസിപ്പിക്കുന്നതിന് വേണ്ടി പ്രോജക്ട് ഇംപ്ലിമെന്റേഷൻ യൂണിറ്റ് മുഖേന പുനർഗേഹം പദ്ധതി നടപ്പിലാക്കി വരുന്നു. തീരദേശത്ത് വേലിയേറ്റ രേഖയിൽ നിന്നും 50 മീറ്റർ പരിധിക്കുള്ളിൽ കടലാക്രമണ ഭീഷണിയിൽ കഴിയുന്ന മുഴുവൻ ജനവിഭാഗങ്ങളെയും സുരക്ഷിത മേഖലയിൽ പുനരധിവസിപ്പിക്കുന്നതിന് സംസ്ഥാന സർക്കാർ ആവിഷ്കരിച്ച് നടപ്പാക്കി വരുന്ന ബൃഹത് പദ്ധതിയാണിത്. 2450 കോടി രൂപ അടങ്കൽ തുകയുള്ള പദ്ധതിയ്ക്ക് 2019-20 സാമ്പത്തിക വർഷം സർക്കാർ ഭരണാനുമതി നൽകിയിരുന്നു. പദ്ധതി നടപ്പിലാക്കി വരുന്നു.

ട്രോൾ ബാൻ കാലത്ത് തൊഴിൽ നഷ്ടപ്പെടുന്ന യന്ത്രവൽകൃത മത്സ്യബന്ധന യാനങ്ങളിലെ മത്സ്യത്തൊഴിലാളികൾക്കും അനുബന്ധ മത്സ്യത്തൊഴിലാളികൾക്കും, പീലിംഗ് തൊഴിലാളികൾക്കും സർക്കാർ സൗജന്യ റേഷൻ നൽകുന്നുണ്ട്. 2025-26 സാമ്പത്തിക വർഷത്തിലെ ട്രോൾബാൻ കാലയളവിൽ ആകെ 2,35,577 കിലോ ഗ്രാം അരി സൗജന്യമായി വിതരണം ചെയ്തിരുന്നു. ഇതിന് ആകെ 25,35,089.30/- രൂപ വകുപ്പിന് ചെലവായിട്ടുണ്ട്. 2026 ജൂൺ 10 ന് ആരംഭിച്ച് ജൂലൈ 31 ന് അവസാനിച്ച ട്രോൾ ബാൻ കാലത്തും സൗജന്യ റേഷൻ വിതരണം ചെയ്യുന്നതിനുള്ള നടപടികൾ സർക്കാർ സ്വീകരിക്കുകയും തീരദേശ ജില്ലകളിൽ സൗജന്യ റേഷൻ സിവിൽ സപ്ലൈസ് വഴി വിതരണം ചെയ്യുകയും ചെയ്തിട്ടുണ്ട്.

ഇതു കൂടാതെ മത്സ്യബോർഡിൽ അംഗങ്ങളായിട്ടുള്ളതും സമ്പാദ്യ സമാശ്വാസ പദ്ധതിയിൽ അംഗങ്ങളായിട്ടുള്ളതുമായ മത്സ്യത്തൊഴിലാളികൾക്ക് ട്രോൾ ബാൻ കാലത്ത് 4500/- രൂപ സമ്പാദ്യ ആശ്വാസ പദ്ധതിയിൽ ധനസഹായം നൽകുന്നുണ്ട്. ഇതിൽ 1500/- രൂപ കേന്ദ്ര സർക്കാർ വിഹിതവും 1500/- രൂപ സംസ്ഥാന സർക്കാർ വിഹിതവും 1500/- രൂപ ഗുണഭോക്തൃ വിഹിതവുമാണ്. നടപ്പ് വർഷവും തുക പൂർണ്ണമായും വിതരണം ചെയ്തിട്ടുണ്ട്.

മത്സ്യബോർഡ് സർക്കാർ ധനസഹായത്തോടെയും തനത് ഫണ്ട് വിനിയോഗിച്ചും നിലവിൽ 33 ക്ഷേമപദ്ധതികൾ മത്സ്യത്തൊഴിലാളികൾക്കായും, 32 പദ്ധതികൾ അനുബന്ധ ത്തൊഴിലാളികൾക്കായും നടപ്പിലാക്കുന്നുണ്ട്.

SAF വഴി Alternative and Supportive Livelihood Opportunity to Fisherwomen of Kerala എന്ന പദ്ധതിയിലൂടെ താഴെപ്പറയുന്ന ഘടകങ്ങൾ നടപ്പിലാക്കുന്നു.

1. ഒരു കുടുംബം ഒരു സംരംഭം
2. ഷീ സ്റ്റാർട്ടർ
3.ജോയിന്റ് ലയബിലിറ്റി ഗ്രൂപ്പ് (ജെഎൽജി) കൾക്ക് പലിശരഹിത റിവോൾവിംഗ് ഫണ്ട്

4.വർക്കിംഗ് ക്യാപിറ്റൽ റിവോൾവിംഗ് ഫണ്ട് ധനസഹായം

5. കപ്പാസിറ്റി ബിൽഡിംഗ് പ്രോഗ്രാമുകൾ

6.ബ്രാൻഡിംഗ് & മാർക്കറ്റിംഗ്

"Sustainable Livelihood Development of Fisherwomen and Revitalization of SAF Micro Enterprises എന്ന പദ്ധതിയിലൂടെ താഴെപ്പറയുന്ന പദ്ധതികൾ നടപ്പിലാക്കുന്നു.

1. ചെറുകിട തൊഴിൽ സംരംഭങ്ങളുടെ വികസനം (ഡിഎംഇ)

2.മോഡൽ പീലിംഗ് യൂണിറ്റ്

3.മത്സ്യത്തൊഴിലാളി കുടുംബങ്ങളുടെ സമഗ്ര വികസനം

4.ടെക്നോളജി ഇംപ്രൂവ്മെന്റ്

5. ഡെവലപ്പ്മെന്റ് ഓഫ് ആക്റ്റിവിറ്റി ഗ്രൂപ്പ്സ് ടു ബിസിനസ് ഗ്രൂപ്പ്സ് (പലിശ സബ്സിഡി)

മത്സ്യഫെഡ് വഴി നടപ്പാക്കുന്ന പദ്ധതികൾ

1. ദേശീയ സഹകരണ വികസന കോർപ്പറേഷൻ (എൻ.സി.ഡി.സി സഹായത്തോടുകൂടിയുള്ള സംയോജിത മത്സ്യ വികസന പദ്ധതി (ഐ.എഫ്.ഡി.പി)

2. ദേശീയപിന്നോക്ക വിഭാഗ ധനകാര്യ വികസന കോർപ്പറേഷൻ (എൻ.ബി.സി.എഫ്.ഡി.സി) / ദേശീയ ന്യൂനപക്ഷ വികസന ധനകാര്യ കോർപ്പറേഷൻ (എൻ.എം.ഡി.എഫ്.സി) എന്നീ ദേശീയ ധനകാര്യ സ്ഥാപനങ്ങളുടെ ധന സഹായത്തോടുകൂടിയുള്ള വായ്പാ പദ്ധതികൾ

(എ) മൈക്രോഫിനാൻസ്

(ബി) ടേം വായ്പകൾ

3. മത്സ്യത്തൊഴിലാളി വനിതകൾക്ക് മത്സ്യവിപണനത്തിന് പലിശ രഹിത വായ്പ പദ്ധതി

4. നാടൻ വള്ളങ്ങളുടെ നവീകരണവും, വലകൾക്കുമുള്ള സബ്സിഡി

5. മത്സ്യഫെഡ് മത്സ്യബന്ധന ഉപകരണ സുരക്ഷാ പദ്ധതി

6. ലോൺ ഡിസ്ട്രസ് റിലീഫ് സ്കീം (LDRS)

7. മത്സ്യത്തൊഴിലാളി ഗ്രൂപ്പ് അപകട ഇൻഷ്വറൻസ് പദ്ധതി